**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **02-02-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ എത്ര കടമുറികളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 20 കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസിന്റെ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിന് വാടക നിശ്ചയിച്ച് നൽകുന്നതിനായി ഗതാഗത കമ്മീഷണർ 15.09.2023 തീയതിയിൽ സമർപ്പിച്ച പ്രൊപ്പോസൽ സി1/255/2023/ഗതാഗതം നമ്പർ ഫയലിൽ പൊതുമരാമത്ത് (ഇ) വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഓഫീസ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | പയ്യന്നൂർ നഗരസഭയിലെ വെള്ളൂരിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ